**Motivational Stories in Malayalam** – *ഒരു പരീക്ഷ* ഒരിക്കൽ ഒരു പ്രൊഫസർ ക്ലാസിലെത്തി വിദ്യാർത്ഥികളോട് ഉടനെ തന്നെ ഒരു പരീക്ഷയെഴുതുവാൻ തയ്യാറായികൊള്ളാൻ പറഞ്ഞു.അപ്രതീക്ഷമായി പരീക്ഷ എന്ന് കേട്ടപ്പോൾ അവര് ഒന്നു അമ്പരന്നു. പ്രൊഫസർ പരീക്ഷ പേപ്പറുകൾ വിതരണം ചെയ്യാനാരംഭിച്ചു.  *മടക്കിയ പേപ്പറുകളാണ് വിതരണം ചെയ്തത്.*

എല്ലാവര്ക്കും കൊടുത്തു കഴിഞ്ഞപ്പോൾ മടക്ക് നിവർത്തി നോക്കാൻ അദ്ദേഹം ആവിശ്യപ്പെട്ടു. ആശ്ചര്യമെന്ന് പറയട്ടെ ആ ചോദ്യ പേപ്പറിന്റെ *മധ്യത്തിലായി ഒരു കറുത്ത അടയാളമല്ലാതെ മറ്റൊന്നും ഉണ്ടായിരുന്നില്ല.* എന്തു ചെയ്യണമെന്നു അറിയാതെ നില്ക്കുന്ന കുട്ടികളോട് പ്രൊഫസർ പറഞ്ഞു….. *

“നിങ്ങൾ ചോദ്യപേപ്പറിൽ എന്തു കാണുന്നുവോ അതിനെ കുറിച്ച് എഴുതുക.”* ഈ ബുദ്ധിമുട്ടേറിയ ചോദ്യത്തിനു അവര് തങ്ങളാലാവും വിധം ഉത്തരം എഴുതീ.



ക്ലാസ് തീരാറായപ്പോഴേക്കും പ്രഫസർ ഉത്തര കടലാസുകൾ ശേഖരിച്ചു ഉറക്കെ വായിക്കാൻ തുടങ്ങി. എല്ലാ കുട്ടികളും *ആ കറുത്ത അടയാളത്തെ* കുറിച്ചാണെഴുതിയത്. *അതിന്റെ വലുപ്പം, സ്ഥാനം, ആകൃതി എന്നിവയെ കുറിച്ചെല്ലാം അവര് നീട്ടി പരത്തി എഴുതിയിരുന്നു.*

എല്ലാ ഉത്തര കടലാസും വായിച്ചു കഴിഞ്ഞേപ്പോൾ ക്ലാസ് നിശബ്ദമായിരുന്നു. പിന്നീടു പ്രഫസർ പരീക്ഷയെ കുറിച്ച് വിശദീകരിക്കാനാരംഭിച്ചു. ഈ ഉത്തരങ്ങളുടെ അടിസ്ഥാനത്തിലു നിങ്ങളെ ഞാന് ഗ്രേഡ് ചെയ്യുന്നില്ല.

*_മറിച്ച് ചിന്തിക്കാനുള്ള ഒരു അവസരം തരികയാണു ഞാൻ._*
നിങ്ങളെല്ലാവരും ഇതിലെ കറുത്ത പാടിനെ കുറിച്ചാണ് എഴുതിയത്.
*ആരും വെളുത്ത കടലാസിനെ കുറിച്ച് ഒരു വാക്കു പോലും പറഞ്ഞിട്ടില്ല.*

*നമ്മുടെ ജീവിതത്തിലും ഇതാണ് സംഭവിക്കുന്നത്.* എല്ലാവരും അവരുടെ ചെറിയ പ്രശ്നങ്ങളില് മനസ്സുടക്കി നില്ക്കും. *ആരോഗ്യ പ്രശ്നങ്ങൾ ,* *സാമ്പത്തിക ബുദ്ധിമുട്ടുകൾ,* *കുടുംബ ബന്ധങ്ങളിലുണ്ടാകുന്ന ചെറിയ വിള്ളലുകൾ',* *കൂട്ടുകാരുമായുള്ള പ്രശ്നങ്ങള് തുടങ്ങി അനവധി ചെറിയ കാര്യങ്ങൾ.*

ഈ പ്രശ്നങ്ങളിലേക്ക് മാത്രം ശ്രദ്ധയൂന്നുന്ന നമ്മള് നമുക്ക് കിട്ടിയിരിക്കുന്ന മറ്റു നിരവധി കഴിവുകളും അനുഗ്രഹങ്ങളും കാണാതെ പോവുന്നു. *ഈ കറുത്ത പാട് കണ്ണിനെ പലപ്പോഴും മലീനസമാക്കുന്നു.* ഈ പാടുകളിൽ നിന്നു കണ്ണെടുത്ത് ജീവിതം കൂടുതൽ ആസ്വോദ്യകരമാക്കാൻ ശ്രമിക്കുക.

## ഓരോ നിമിഷവും ആസ്വദിക്കുക. മറ്റുള്ളവരേയും സ്നേഹിക്കുക.

## Motivational Story –ആത്മനിയന്ത്രണം

വയസ്സനായ ഒരു കുതിര പറമ്പിലെ പൊട്ടക്കിണറ്റില് വീണു.
യജമാനന് അതിനെ പൊക്കിയെടുക്കാന് പരമാവധി ശ്രമിച്ചു. പറ്റിയില്ല.
അവസാനം അയാള് തീരുമാനിച്ചു, ഈ കുതിരക്ക് വയസ്സായി. ഇനി കഷ്ടപ്പെട്ട് പൊക്ക്കിയെടുത്താലും അധികമൊന്നും പണിയെടുക്കാന് അതിന് കഴിയില്ല.



പ്രായാധിക്യം മൂലം വല്ല അസുഖവും വന്നാല് പിന്നെ അതിനെ ചികിത്സിക്കല് തന്നെ വല്ലാത്ത ചിലവാകും. അതുകൊണ്ട് അതിനെ കിണറ്റിലിട്ട് മൂടിക്കൊള്ളാന് ജോലിക്കാരെ ഏൽപ്പിച്ച് അയാള് വീട്ടിലേക്ക് പോയി. കുറച്ച് കഴിഞ്ഞ് പുറത്തേക്കിറങ്ങിയ അയാള് കണ്ടത് ആ വയസ്സന് കുതിര പുറത്ത് മേയുന്നതാണ്...

എന്താണ് യഥാർത്ഥത്തില് സംഭവിച്ചത്, കിണര് മൂടാന് വേണ്ടി പണിക്കാർ കൊട്ടയില് മണ്ണ് കൊണ്ടുവന്നിട്ടത് കുതിരയുടെ മുകളില്. ഓരോ പ്രാവശ്യവും തന്റെ ശരീരത്തിലേക്ക് വീഴുന്ന മണ്ണ് അപ്പോള് തന്നെ കുതിര കുടഞ്ഞു കളയും. എന്നിട്ട് താഴെ വീണ മണ്ണില് കയറി നിൽക്കും.

ഒടുവില് കിണര് മണ്ണ് കൊണ്ട് നിറയുകയും കുതിര പുറത്ത് വരികയും ചെയ്തു. ജനങ്ങൾക്കിടയില് ജീവിക്കുമ്പോള് ഒരുപാട് ആളുകള് നമ്മെ അനാവശ്യമായി മനസ്സുകൊണ്ടും, വാക്കുകള് കൊണ്ടും, അതിലേറെ പ്രവർത്തനങ്ങള് കൊണ്ടും നമ്മെ പരമാവധി ചെളി വാരിയെറിയും.

ചിലപ്പോ നമ്മുടെ ആത്മനിയന്ത്രണം നഷ്ടപ്പെട്ട് ഈ ലോകത്തോട് തന്നെ വെറുപ്പ് തോന്നുന്ന വിധത്തില് നമ്മുടെ മനോനില അവതാളത്തിലാകും. എത്ര ആത്മാർത്ഥമായി ചെയ്താലും നല്ലത് പറയാന്, ഒന്ന് പ്രോത്സാഹിപ്പിക്കാന് ആരും മുന്നോട്ട് വരില്ല.

എന്നാല് നിസ്സാരമായ തെറ്റുകൾക്ക് നമ്മെ നിന്ദിക്കാനും, ചെളി വാരിയെറിയാനും ഒരുപാടാളുകള് ഉണ്ടാകും. അങ്ങിനെ വരുമ്പോ, മനസ്സ് തളരാതെ, ആ ചെളിയെല്ലാം കുടഞ്ഞു കളഞ്ഞു ചവിട്ടുപടിയാക്കി അതിന്മേല് കയറി നിൽക്കാന് നമുക്ക് കഴിയണം.

എങ്കില് മാത്രമേ മറ്റുള്ളവര് സൃഷ്ടിക്കുന്ന പ്രശ്നങ്ങളാകുന്ന പൊട്ടക്കിണറ്റില് നിന്ന് ആത്മ വിശ്വാസത്തോടെ ഉന്നതിയിലേക്ക് ചവിട്ടിക്കയറാനും ജീവിതത്തില് വിജയം വരിക്കാനും സാധിക്കുകയുള്ളൂ.

**മനോഹരമായ താമരക്ക് ചെളി വളമായതുപോലെ വിവേകശാലിക്ക് വിമർശനങ്ങളെ പടവുകളാക്കി മാറ്റാന് കഴിയും.**